പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1210 **15-10-2026-ൽ മറുപടിയ്ക്ക്**

എയ്ഡഡ് സ്കൂളുകളിലെ സംരക്ഷിത അധ്യാപകർക്ക് ശമ്പളം യഥാസമയം ലഭ്യമാക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. വി. കെ. സനോജ്	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ സംരക്ഷിത അധ്യാപകർക്ക് കഴിഞ്ഞ കുറച്ചു മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: കോഴിക്കോട് ജില്ലയിൽ ശമ്പളം ലഭിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കിയിട്ടും ധനവകുപ്പ് അനുമതി നൽകാത്തതിനാലാണ് ഇവരെ സ്പാർക്കിൽ (SPARK) ഉൾപ്പെടുത്താൻ കഴിയാത്തതെന്നും തന്മൂലമാണ് ശമ്പളം മുടങ്ങിയതെന്നുമുള്ള കാര്യം വസ്തുതാപരമാണോ;

മറുപടി: പരിശോധിച്ചു വരുന്നു.

(സി) മുൻപ് സംരക്ഷണാനുകൂല്യം ലഭിച്ചവരും നിലവിൽ വിവിധയിടങ്ങളിൽ പുനർവിന്യസിക്കപ്പെട്ട് ജോലി ചെയ്തുവരുന്നവരുമായ അധ്യാപകർക്ക് സാങ്കേതികത്വത്തിന്റെ പേരിൽ ശമ്പളം മുടങ്ങാൻ ഇടയാകുന്നത് വിദ്യാഭ്യാസ സംരക്ഷണനയത്തിന് വിരുദ്ധമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: സാങ്കേതിക പ്രശ്നം കാരണം ശമ്പളത്തിന് താൽക്കാലിക തടസ്സമുണ്ടാകുന്നതിന് വിദ്യാഭ്യാസ സംരക്ഷണനയവുമായി ബന്ധമുള്ളതായി കാണുന്നില്ല.

(ഡി) പ്രസ്തുത വിഷയത്തിൽ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് പ്രതിസന്ധിയിലായ മുഴുവൻ സംരക്ഷിത അധ്യാപകർക്കും കുടിശ്ശികയുൾപ്പെടെയുള്ള ശമ്പളം അടിയന്തരമായി നൽകാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മറുപടി: പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ